വിലക്കയറ്റം തടയുന്നതിന് നടപടി

30 (*30) ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ബഡ്ജറ്റിനുമുന്നോടിയായി കേന്ദ്ര ധനമന്ത്രി വിളിച്ചു ചേർത്ത സംസ്ഥാന ധനമന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാന സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചത് ; വിശദാംശം നൽകുമോ ;

(ബി) വിലക്കയറ്റം തടയുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രത്യേക സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) ഏതെല്ലാം പദ്ധതികൾക്ക് അധിക സാമ്പത്തിക സഹായം ആവശ്യപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്തിന്റെ നിർദ്ദേശങ്ങളോട് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രതികരണം എന്തായിരുന്നു ;

(ഇ) വിലക്കയറ്റം തടയുന്നതിന് വിപണി ഇടപെടലിനായി സപ്ലൈകോയ്ക്കും കൺസ്യൂമർഫെഡും കൂടുതൽതുക വകയിരുത്താൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) കേന്ദ്ര ധനമന്ത്രി കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി വിളിച്ചുചേർത്ത യോഗത്തിൽ സംസ്ഥാന സർക്കാർ സമർപ്പിച്ച പ്രധാന നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ്.

1. ഒൻപതാം ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കുന്നതു വഴിയുണ്ടാകാവുന്ന അധികച്ചെലവ് നേരിടുന്നതിന് കടമെടുക്കൽപരിധി 3.5 ശതമാനത്തിൽനിന്ന് 4 ശതമാനമാക്കി ഉയർത്തുക.

2. പൊതുവിതരണ ശൃംഖലകൾ ശക്തമാക്കി വിലനിലവാരം പിടിച്ചു നിർത്തുവാൻ കേരളം സമർപ്പിച്ച 337 കോടി രൂപയ്ക്കുള്ള പദ്ധതിയുടെ ചെലവിന്റെ പകുതിയെങ്കിലും കേന്ദ്രംവഹിക്കുക.

3. വളം, വൈദ്യുതോല്പാദന പ്ലാന്റുകൾക്കായി മുൻഗണനാടിസ്ഥാനത്തിൽ പ്രകൃതിവാതകം നൽകുക.

4. സംസ്ഥാന ഹൈവേകൾ, ജില്ലാതല റോഡുകൾ, മറ്റു റോഡുകൾ എന്നിവയുടെ അപ്ഗ്രഡേഷനായി ആയിരം കോടി രൂപ അനുവദിക്കുക.

5. സംസ്ഥാനത്ത് ഒരു ഐ.ഐ.റ്റി. സ്ഥാപിക്കാൻവേണ്ട നടപടികൾ സ്വീകരിക്കുക.

6. നെല്ല്, കൊപ്ര എന്നിവയുടെ താങ്ങുവില ഉയർത്തുക.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പൊതുവിതരണ ശൃംഖലകൾ ശക്തമാക്കി വിലനിലവാരം പിടിച്ചു നിർത്തുവാൻ കേരളം സമർപ്പിച്ച 337 കോടി രൂപയ്ക്കുള്ള പദ്ധതിയുടെ ചെലവിന്റെ പകുതിയെങ്കിലും കേന്ദ്രം വഹിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ടിനായി 1000 കോടി രൂപ ഇടുക്കി പാക്കേജിന്റെ ഭാഗമായി അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാന ഹൈവേകൾ, ജില്ലാതല റോഡുകൾ, മറ്റുറോഡുകൾ എന്നിവയുടെ അപ്ഗ്രേഡേഷനായി 1000 കോടി രൂപ അനുവദിക്കുക, പാമോയിലിന് അനുവദിക്കുന്നതരത്തിൽ വെളിച്ചെണ്ണയ്ക്കും ഒരു ലിറ്ററിന് 15 രൂപ നിരക്കിൽ സബ്സിഡി അനുവദിക്കുക. ഫാക്ടിന് പലിശരഹിത വായ്പയായി 450 കോടി അനുവദിക്കുക, ഇടുക്കി പാക്കേജിന്റെ ഭാഗമായി പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ടിനായി 1000 കോടി രൂപ അനുവദിക്കുക, വിദ്യാഭ്യാസാവകാശ നിയമം നടപ്പിലാക്കുന്നതിനായി അധിക ഗ്രാന്റ് അനുവദിക്കുക തുടങ്ങിയവയാണ് സാമ്പത്തിക സഹായം സംബന്ധിച്ച് ഉന്നയിച്ചിട്ടുള്ള പ്രധാന ആവശ്യങ്ങൾ.

(ഡി) സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രിമാരുടെ നിർദ്ദേശങ്ങൾ കേന്ദ്ര ബഡ്ജറ്റ് രൂപീകരണത്തിൽ പരിഗണിക്കുമെന്ന പൊതുവായ പ്രതികരണമാണ് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയിൽനിന്നുണ്ടായത്.

(ഇ) വിപണി ഇടപെടലിനായി സിവിൽ സപ്ലൈസ് കോർപ്പറേഷനും കൺസ്യൂമർ ഫെഡിനും അധിക സാമ്പത്തിക സഹായം നൽകുന്നകാര്യം പരിശോധിക്കുന്നതാണ്.

(ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മന്ത്രിമാരുടെ വീടുകൾ മോടിപിടിപ്പിക്കുന്നതിനുള്ള ചെലവ്

1 (1) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം 31-12-2010-വരെ മന്ത്രിമാരുടെ ഔദ്യോഗികവസതികൾ മോടിപിടിപ്പിക്കുന്നതിന് മൊത്തം എത്ര തുക ചെലവായി ;

(ബി) മന്ത്രി, വസതി എന്നിവയുടെ പേരും ഓരോന്നും മോടിപിടിപ്പിക്കുന്നതിന് ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) സർക്കാർ മന്ദിരങ്ങളിൽ താമസിക്കാത്ത മന്ത്രിമാർ ആരൊക്കെ ; ഇവർ താമസിക്കുന്ന വീടുകൾക്ക് ഓരോന്നിനും പ്രതിമാസവാടക എത്രരൂപ വീതമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഇത്തരം വാടകവീടുകൾ മോടിപിടിപ്പിക്കുന്നതിന് മൊത്തം ചെലവഴിച്ച തുക എത്ര ; ഓരോ വീടിനും ചെലവഴിച്ച തുക എത്ര ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly